# 'തോമസ് കുര്യാളശ്ശേരി ത്യാഗത്തിന്റെ പ്രതീകം'

ചങ്ങനാശേരി: രൂപതയുടെ പ്രഥമമെത്രാനും ആരാധനാ സഭാ സ്ഥാപകനുമായ ദൈവദാസൻ തോമസ് കുര്യാളശേരി ത്യാഗോജ്വലമായ സേവനത്തിന്റെ പ്രതീകമായിരുന്നുവെന്നു തലശേരി ബിഷപ്പ് മാർ ജോർജ് വലിയമറ്റം പ്രസ്താവിച്ചു.

തോമസ് കുര്യാളശേരിയുടെ 68-ാം ചരമവാർഷികാചരണത്തോടനുബന്ധിച്ചു മെത്രാപ്പോലീത്തൻപള്ളിയിൽ നടന്ന ശുശ്രൂഷയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

രാവിലെ ഫാ. ജോസഫ് തേവാരി, കത്തീഡ്രൽ പള്ളി വികാരി ഫാ. ജോസഫ് എരുമച്ചാടത്ത്, എസ്. ബി. കോളജ് പ്രിൻസിപ്പൽ ഫാ. ജോർജ് മഠത്തിപ്പറമ്പിൽ എന്നിവരുടെ കാർമികത്വത്തിൽ സമൂഹബലി നടത്തി. രണ്ടു മുതൽ നാലുവരെ ആരാധനയ്ക്കു ഫാ. സിറിയക്ക് കോട്ടയിലും ആരാധനാ സഭ കന്യാസ്ത്രീകളും നേതൃത്വം നൽകി. നൂറുകണക്കിനു കന്യാസ്ത്രീകളും അൽമായരും എത്തിയിരുന്നു.

വികാരി ജനറാൾ മോൺ. മാത്യു പുളിക്കപ്പറമ്പിൽ, മാർ ജോർജ് വലിയമറ്റത്തോടൊപ്പം കുർബാനയിൽ സഹകാർമികത്വം വഹിച്ചു. ഭക്തജനങ്ങൾക്കു നെയ്യപ്പം നേർച്ചയും ഉച്ചഭക്ഷണവും ഉണ്ടായിരുന്നു.

പത്തു ദിവസമായി നടന്ന പ്രാർഥനാ ശുശ്രൂഷകൾക്ക് വൈദികരായ തോമസ് വാതല്ലൂക്കുന്നേൽ, ജോസഫ് കുഴിഞ്ഞാലിൽ, ജോസഫ് പാലക്കീൽ, ലൂയീസ് വെള്ളാനിക്കൽ, ജോർജ് കിഴക്കേമുറി, ജെയിംസ് പുത്തൻപറമ്പിൽ, മാത്യു പുഞ്ചയിൽ, ടോം കുന്നുംപുറം, മാത്യു ആശാരി പറമ്പിൽ എന്നിവർ നേതൃത്വം നൽകി.